ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ - എം.ശിവദാസൻ.)

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീ. ഷിബു.എസ്.എസ് (പെൻ നം.473162), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, തിരുവനന്തപുരം, പ്രോജക്റ്റ് 2. ഇറിഗേഷൻ സ്പെഷ്യൽ എൻക്വയറി സെൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയം - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1 14/10/2022 ലെ തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ എ - സെക്ഷൻ, സീനിയർ സൂപ്രണ്ടിന്റെ എ4/33396/2020 നമ്പർ അനൗദ്യോഗിക കുറിപ്പ്.

2 ഈ കാര്യാലയത്തിന്റെ 31/05/2023 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3 12/07/2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

4 04/08/2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ഉത്തരവ് നം.CEIA/1733/2023 -VIG2 .തീയതി - 27-09-2024

ശ്രീ.ഷിബു.എസ്.എസ് (പെൻ നം.473162) എന്ന താങ്കൾ, തിരുവനന്തപുരം പ്രോജക്റ്റ് 2 ഇറിഗേഷൻ സ്പെഷ്യൽ എൻക്വയറി സെൽ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒന്നാംതരം ഡ്രാഫ്റ്റ്സ്മാനായി ജോലി നോക്കി വരവെ, 11/08/2006 തീയതിയിലെ ജി.ഒ (ആർ.റ്റി) നം. 915/2006/ഡബ്ല്യു.ആർ.ഡി പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി കെ.എസ്.ആർ പാർട്ട്1 അനുബന്ധം XII A യിലെ വ്യവസ്ഥകൾക്ക് വിധേയമായി 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് താങ്കളുടെ അപേക്ഷയിൻമേൽ 12/09/2011 തീയതിയിലെ ജി.ഒ (ആർ.റ്റി) നം.916/2011/ഡബ്ല്യു.ആർ.ഡി പ്രകാരം 06/10/2011 മുതൽ 05/10/2016 വരെ 5 വർഷത്തേക്കും, തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 24/06/2016 തീയതിയിലെ A4/4216/2016 നം.ഉത്തരവ് പ്രകാരം 06/10/2016 മുതൽ 05/10/2021 വരെ 5 വർഷത്തേക്കും കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. അനുവദിച്ച 15 വർഷത്തെ ശൂന്യവേതനാവധി 05/10/2021 തീയതിയിൽ പൂർത്തിയാകുകയും 06/10/2021 രാവിലെ താങ്കൾ തിരികെ ജോലിയിൽ

പ്രവേശിക്കേണ്ടതുമായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ താങ്കൾ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം എ - സെക്ഷൻ, സീനിയർ സൂപ്രണ്ട് ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, താങ്കൾക്കെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് Returned to sender (RTS) എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

തുടർന്ന് തിരുവനന്തപുരം ജില്ലയിൽ പ്രചാരമുള്ള ജൻമഭൂമി ദിനപത്രത്തിൽ 2023 ആഗസ്റ്റ് 26 ന് വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് 24/08/2023 തീയതിയിൽ താങ്കൾ സമർപ്പിച്ച മറുപടിയിൽ തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 24/06/2016 തീയതിയിലെ A4/4216/2016 നം.ഉത്തരവ് പ്രകാരം 06/10/2016 മുതൽ 05/10/2021 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചിട്ടുള്ളതായും, ബഹ്റൈനിൽ ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നതിനാൽ 30/04/2024 വരെ അവധി ദീർഘിപ്പിക്കണമെന്നും, താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 18/06/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഇറിഗേഷൻ സൗത്ത് സർക്കിൾ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ.മഹേഷ് കുമാർ വി.പി - യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ 11/07/2024 തീയതിയിൽ ശ്രീ.ഷിബു.എസ്.എസ് - ന്റെ ലഭ്യമായ മേൽ വിലാസത്തിലുള്ള വീട്ടിൽ അന്വേഷണത്തിന് പോയിരുന്നുവെന്നും, ടിയാൻ നിലവിൽ അവിടെ താമസമില്ല എന്നും വിദേശത്താണെന്നുമുള്ള വിവരമാണ് ലഭിച്ചതെന്നും, തുടർന്ന് താങ്കളെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ ലഭിക്കുകയും ആയതിൽ ബന്ധപ്പെട്ടപ്പോൾ താങ്കൾ നിലവിൽ ബഹറിനിലാണ് ജോലി ചെയ്യുന്നതെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച 15 വർഷത്തെ ശൂന്യവേതനാവധി 05/10/2021 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന താങ്കളെ 06/10/2021 മുതൽ

സർവ്വീസിൽ നിന്നും നീക്കംചെയ്യുവാൻ താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലായി താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. ആയത് Unclaimed, RTS എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഒന്നാംതരം ഡ്രാഫ്റ്റ്സ്മാനായ ശ്രീ.ഷിബു.എസ്.എസ് (പെൻ നം.473162) - നെ 06/10/2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട്, താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Sivadasan M
ചീഫ് എഞ്ചിനീയർ
Date: 27-09-2024 14:26:52

സ്വീകർത്താവ്

ശ്രീ.ഷിബു.എസ്.എസ്
ശ്രീ.ശൈലം, റ്റി.സി.1/1254
ബാങ്ക് നഗർ.കുമാരപുരം
മെഡിക്കൽ കോളേജ്.പി.ഒ
തിരുവനന്തപുരം. പിൻ. 695011

പകർപ്പ്:-
1. ചീഫ് എഞ്ചിനീയർ; പ്രോജക്ട് 2, ഇറിഗേഷൻ സ്പെഷ്യൽ എൻക്വയറി സെൽ, തിരുവനന്തപുരം
2. സീനിയർ സൂപ്രണ്ട്. എ - സെക്ഷൻ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും. തിരുവനന്തപുരം
3. ഇറിഗേഷൻ വെബ് സൈറ്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി.സെൽ
4. വിജിലൻസ് 8 സീറ്റ്